**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - ശ്രീ.എൻ.പുഷ്പാംഗദൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ 864/18 നമ്പർ കേസിന്മേലുള്ള ബഹു ട്രൈബ്യൂണലിന്റെ അന്തിമ ഉത്തരവ് – വിധി നടപ്പാക്കൽ- ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (എ.ബി) വകുപ്പ്**

**സ.ഉ (സാധാ)നം. 287/2020/തസ്വഭവ.** **തിരുവനന്തപുരം, തീയതി. 03/02/2020.**

---

പരാമർശം:- 1. ശ്രീ.എൻ.പുഷ്പാംഗദൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ 864/18 നമ്പർ കേസിലെ 15.11.2018 ലെ അന്തിമ ഉത്തരവ്

2.ശ്രീ.എൻ.പുഷ്പാംഗദൻ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത സി.പി.197/19 നമ്പർ കേസിലെ 14.01.2020 ലെ ഇടക്കാല ഉത്തരവ് .

3.പഞ്ചായത്ത് ഡയറക്ടറുടെ22.01.2020 ലെ പി.എ.എൻ/13414/2019/എച്ച്3(ഡി.പി) നമ്പർ കത്ത്.

## ഉത്തരവ്

പഞ്ചായത്ത് വകുപ്പിൽ സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.എൻ.പുഷ്പാംഗദൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ 864/18 നമ്പർ കേസുമായി ബന്ധപ്പെട്ട് പരാമർശം (1) പ്രകാരമുള്ള അന്തിമ ഉത്തരവിൽ ഹർജിക്കാരന്റെ ഡി.സി.ആർ.ജി ഉൾപ്പെടെയുള്ള പെൻഷൻ ആനുകൂല്യങ്ങൾ ഉത്തരവ് കൈപ്പറ്റി 3 മാസത്തിനുള്ളിൽ അനുവദിച്ച് നല്കുവാൻ ഉത്തരവായിരുന്നു.

2. ശ്രീ.എൻ.പുഷ്പാംഗദൻ കൊല്ലം ജില്ലയിലെ പെർഫോമൻസ് ഓഡിറ്റ് യൂണിറ്റ് IV ൽ പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസറായി സേവനമനുഷ്ഠിച്ച് വരവേ 30.11.2013 ൽ സേവനത്തിൽ നിന്നും വിരമിക്കുകയുണ്ടായി. വിരമിക്കുമ്പോൾ കൊല്ലം ജില്ലയിലെ വെട്ടിക്കവല, കുളക്കട, വിളക്കുടി, കൊറ്റങ്കര എന്നീ പഞ്ചായത്തുകളിലും, മലപ്പുറം ജില്ലയിലെ വഴിക്കടവ് പഞ്ചായത്തിലുമായി 30,54,131/- രൂപയുടെ ബാധ്യത ലോക്കൽ ഫണ്ട് ഓഡിറ്റ് റിപ്പോർട്ടിലെ പരാമർശങ്ങൾ പ്രകാരം അതത് പഞ്ചായത്തുകൾ റിപ്പോർട്ട് ചെയ്ത പശ്ചാത്തലത്തിലായിരുന്നു ടിയാന്റെ ഡി.സി.ആർ.ജി നല്കുന്നതിൽ കാലതാമസം നേരിട്ടത്. തുടർന്ന് ബഹു.ട്രൈബ്യൂണലിന്റെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഇക്കാര്യം ത്വരിതപ്പെടുത്തുകയുണ്ടായി. ആയതിന്റെ ഭാഗമായി ബാധ്യതയായി കണ്ടെത്തിയ തുകയുടെ വിശദാംശങ്ങളും, ബന്ധപ്പെട്ട പ്രോജക്ട് രേഖകളടക്കം ആഡിറ്റ് റിപ്പോർട്ടുകളും പരിശോധിച്ച് ഈ ഗ്രാമപഞ്ചായത്ത് ഓഫീസുകളിൽ നിന്ന് വിവരം ശേഖരിക്കേണ്ടി വന്നിരുന്നു. കൂടാതെ സർക്കാർ ഖജനാവിന് വലിയ തോതിൽ നഷ്ടം വരുത്തുന്ന പ്രവർത്തനങ്ങൾക്ക് കാരണക്കാരനായി ആരോപിക്കപ്പെടുന്ന വ്യക്തിയെ കുറ്റവിമുക്തനാക്കി, ബാധ്യത ഒഴിവാക്കി ഡി.സി.ആർ.ജി. നല്കുമ്പോൾ സ്വീകരിക്കേണ്ട സ്വാഭാവിക പരിശോധനകളുടെ ഭാഗമായുമാണ് ബഹു.ട്രൈബ്യൂണൽ ഉത്തരവ് പ്രകാരം ഡി.സി.ആർ.ജി അനുവദിക്കുന്നതിനുള്ള നടപടിക്രമത്തിൽ കാലതാമസമുണ്ടായത്. ഈ പരിശോധന നടക്കുന്ന വേളയിലാണ് തനിയ്ക്കനുകൂലമായ ബഹു.ട്രൈബ്യൂണൽ വിധി നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ശ്രീ.പുഷ്പാംഗദൻ സി.പി(സി) 197/2019 നമ്പരായി കോടതിയലക്ഷ്യ ഹർജി ഫയൽ ചെയ്തത്.

3. പരാമർശം രണ്ടിലെ ഉത്തരവ് ഉടനടി നടപ്പാക്കുന്നതിന്റെ ഭാഗമായി പഞ്ചായത്ത് ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ പരിശോധിച്ചതിൽ വ്യവസ്ഥാപിത നടപടിക്രമങ്ങൾ പാലിച്ച് ബാധ്യത തുക സർക്കാരിന് തിരികെ ഈടാക്കാൻ കഴിയുന്ന രൂപത്തിൽ നിശ്ചയിച്ച് ശ്രീ.പുഷ്പാംഗദന്റെ ഡി.സി.ആർ.ജി തുക അനുവദിക്കാവുന്നതാണെന്ന് കാണുന്നു.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. 30.11.2013 ൽ പഞ്ചായത്ത് വകുപ്പിൽ നിന്ന് സീനിയർ സൂപ്രണ്ട് / പെർഫോമൻസ് ഓഡിറ്റ് സൂപ്പർവൈസർ തസ്തികയിൽ സേവനത്തിൽ നിന്നും വിരമിച്ച ശ്രീ.എൻ.പുഷ്പാംഗദന്റെ അർഹതപ്പെട്ട ഡി.സി.ആർ.ജി തുക പരാമർശം ഒന്നിലെ ഉത്തരവ് തീയതിയായ 15.11.2018 മുതൽ 6% പലിശ നിരക്കിൽ നല്കാൻ പഞ്ചായത്ത് ഡയറക്ടർക്ക് അനുമതി നല്കി ഉത്തരവാകുന്നു. ഇതോടൊപ്പം ശ്രീ.പുഷ്പാംഗദന്റെ പേർക്ക് നിലവിലുള്ള ബാധ്യത തിട്ടപ്പെടുത്താനും, തിട്ടപ്പെടുത്തിയ ബാധ്യത നിയമാനുസൃതമായ സൂക്ഷ്മപരിശോധനയ്ക്ക് വിധേയമാക്കി സർക്കാരിനുണ്ടായ നഷ്ടത്തുക നിർണ്ണയിക്കാനും അത് ഈടാക്കുന്നതിനുമുള്ള നടപടികൾ ആരംഭിക്കുന്നതിനുമായി പഞ്ചായത്ത് അസിസ്റ്റന്റ് ഡയറക്ടർ തലത്തിലുള്ള ഒരുദ്യോഗസ്ഥനെ ചുമതലപ്പെടുത്താനും പഞ്ചായത്ത് ഡയറക്ടർ തീരുമാനമെടുക്കേണ്ടതാണ്.

5. ശ്രീ.എൻ.പുഷ്പാംഗദൻ ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രിബ്യൂണൽ മുൻപാകെ ഫയൽ ചെയ്ത ഒ.എ 864/18 നമ്പർ കേസിലെ പരാമർശം (1) പ്രകാരമുള്ള ഉത്തരവ് ഇതു പ്രകാരം നടപ്പാക്കി ഉത്തരവാകുന്നു.

**ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം,**
**ലീന.എം.ഡി.**
**ഡെപ്യൂട്ടി സെക്രട്ടറി**

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
ഡയറക്ടർ, കേരളസംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം (സർക്കാർ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)
വെബ് & ന്യൂ മീഡിയ, വിവര പൊതുജനസമ്പർക്കവകുപ്പ്
തദ്ദേശ സ്വയംഭരണ (ഇ.പി.ബി.) വകുപ്പ്
സ്റ്റോക്ക് ഫയൽ, ഓഫീസ് കോപ്പി

**ഉത്തരവിൻ പ്രകാരം,**

**സെക്ഷൻ ഓഫീസർ**